(ബി) കൈനടി പോലീസ് സ്റ്റേഷനിലെ ക്രൈം 22/99, 23/99, 24/99, 25/99 എന്നീ കേസ്സുകളിലുള്ള 15 പ്രതികളിൽ 12 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടുപേർ കോടതി മുൻപാകെ കീഴടങ്ങുകയുണ്ടായി. ഒളിവിലായ ഒരു പ്രതിയെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. കോട്ടയം കുമരകം സ്റ്റേഷനിലെ ക്രൈം 43/99, 44/99, 45/99, 46/99 എന്നീ കേസ്സുകളിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി)-(ഇ) കൈനടി സ്റ്റേഷൻ പരിധിയിലുള്ള സംഭവത്തിൽ വിഷമദ്യം രൂപാന്തരപ്പെടുത്തിയത് ബോംബെയിൽനിന്നും കൊണ്ടുവന്ന 'മെത്തനോൾ' എന്ന വിഷം ഉപയോഗിച്ചാണ് ഇത് നൽകിയവർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. കുമരകം സ്റ്റേഷനതിർത്തിയിലെ കേസന്വേഷണം നടന്നുവരുന്നു.

(എഫ്)ഉണ്ട്. കെട്ടിട ഉടമസ്ഥന്റെ അറിവോടെയാണ് വസ്തുക്കൾ എടുത്തുകൊണ്ടുപോയത്.

(ജി) വിഷമദ്യ ദുരന്തം സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

50 (676) ചടയമംഗലം കൈത്തോട് രവീന്ദ്രനാഥക്കുറുപ്പിന്റെ കൊലപാതകം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിൽ ചടയമംഗലം സ്റ്റേഷൻ അതിർത്തിയിൽ നിലമേൽ കൈത്തോട് രവീന്ദ്രനാഥക്കുറുപ്പ് കൊല ചെയ്യപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് വകുപ്പുകൾ പ്രകാരമാണ് ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ കേസ്സിൽ എത്ര പ്രതികളുണ്ടെന്നും ആരെയൊക്കെ ഇതിനകം അറസ്റ്റ് ചെയ്തുവെന്നും അറിയിക്കുമോ;

(ഡി) അറസ്റ്റ് നടന്നിട്ടില്ലെങ്കിൽ തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 304 ഐ.പി.സി.യും 174 സി.ആർ.പി.സി.യും വകുപ്പുകൾ പ്രകാരം.

(സി)&(ഡി) കേസന്വേഷണം നടന്നുവരികയാണ്.

51 (677) കണ്ണൂർ കൊളച്ചേരി പഞ്ചായത്തിലെ മൊയ്തുവിന്റെ കൊലപാതകം

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കൊളച്ചേരി പഞ്ചായത്തിലെ മൊയ്തുവിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആയത് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തുവോ എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേസ് അന്വേഷണാവസ്ഥയിലാണ്.

52 (678) കൊച്ചുകോയിക്കൽ ഗൗരി എന്ന സ്ത്രീയുടെ സംശയാസ്പദമായ മരണം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതത്തോട് കൊച്ചുകോയിക്കൽ ഗൗരി എന്ന സ്ത്രീയുടെ സംശയാസ്പദമായ മരണത്തിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറണമെന്ന് ആവശ്യപ്പെടുന്ന നിവേദനം റാന്നി എം.എൽ.എ. നൽകിയിട്ടുണ്ടോ;

(സി) അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്ന നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂഴിയാർ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയും തുടർന്ന് ടി കേസ്സ് അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) 17.6.99-ന് കേസ്സ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

53 (679) മുഹമ്മദ് ഷാഫിക്ക് മർദ്ദനമേറ്റ സംഭവം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള മുഹമ്മദ് ഷാഫി എന്നയാൾ 11.1.99-ന് മർദ്ദിക്കപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഏതെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) ഈ കേസിലെ പ്രതികൾ ആരൊക്കെയാണ്;

(ഇ) എഫ്.ഐ.ആർ.-ൽ പേരു പറഞ്ഞ ഏതെങ്കിലും പ്രതിയെ പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനു കാരണം എന്തായിരുന്നു എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly